**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ ഗവേണിംഗ് ബോഡിയിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേരി തോമസിനെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്)നം.144/2018/തസ്വഭവ. തിരുവനന്തപുരം,തീയതി 04/10/2018**

---

പരാമർശം:-(1) സ.ഉ.(എം.എസ്)നം. 151/2016/തസ്വഭവ ഉത്തരവ്

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.09.2018 ലെ 8687/ഇ 1/18/കെ.എസ്.എച്ച്.ഒ. നം. കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം പുനഃസംഘടിപ്പിച്ച കുടുംബശ്രീ ഗവേണിംഗ് ബോഡിയിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീമതി ഷീലാ വിജയകുമാർ മെമ്പറായിരുന്നു . ശ്രീമതി ഷീലാ വിജയകുമാറിനു പകരം ശ്രീമതി മേരി തോമസ് എന്നവർ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി സ്ഥാനമേറ്റെടുത്തിട്ടുണ്ടെന്നും ടിയാളെ ശ്രീമതി ഷീലാ വിജയകുമാറിനു പകരം കുടുംബശ്രീ ഗവേണിംഗ് ബോഡിയിൽ അംഗമായി ഉൾപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സൂചന (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവു പ്രകാരം കുടുംബശ്രീ ഗവേണിംഗ് ബോഡി മെമ്പറായിരുന്ന തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീലാ വിജയകുമാറിന് പകരം പുതുതായി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി സ്ഥാനമേറ്റെടുത്ത ശ്രീമതി മേരി തോമസിനെ കുടുംബശ്രീ ഗവേണിംഗ് ബോഡി മെമ്പറായി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) മേൽ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് നിലനില്ക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ബന്ധപ്പെട്ട അംഗങ്ങൾക്ക് (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, പബ്ലിക് ഇൻഫർമേഷൻ വകുപ്പ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**